പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 278 16.12.2015-ൽ മറുപടിയ്ക്ക്.

**പുതുതായി രൂപീകരിക്കപ്പെട്ട കോർപ്പറേഷനും മുനിസിപ്പാലിറ്റികളും**

**ചോദ്യം**

പ്രൊഫ. സി.രവീന്ദ്രനാഥ്
ശ്രീ. എ.കെ. ബാലൻ
ശ്രീ.പി.കെ. ഗുരുദാസൻ
ശ്രീ. എളമരം കരീം

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | പുതുതായി രൂപീകരിക്കപ്പെട്ട കോർപ്പറേഷന്റെയും മുനിസിപ്പാലിറ്റികളുടെയും ഭരണ നിർവ്വഹണ സംവിധാനങ്ങൾ പൂർണ്ണതോതിൽ ഏർപ്പെടുത്തി കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | പുതുതായി രൂപീകരിക്കപ്പെട്ട കോർപ്പറേഷനിലും മുനിസിപ്പാലിറ്റികളിലും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതുവരെ ടി നഗരസഭകളിലെ ഭരണ സംവിധാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 17.11.2015-ലെ സ.ഉ.(സാധാ) നം. 3371/15/തസ്വഭവ. പ്രകാരവും 05.12.2015-ലെ സ.ഉ.(സാധാ) നം.3655/15/തസ്വഭവ. പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധം I ആയും അനുബന്ധം II ആയും ചേർത്തിരിക്കുന്നു. തളിപ്പറമ്പ് മുനിസിപ്പാലിറ്റി വിഭജിച്ച് പുതുതായി രൂപീകരിക്കപ്പെട്ട ആന്തൂർ മുനിസിപ്പാലിറ്റിയുടെ ഭരണ സമിതി ആയി കൂടി തളിപ്പറമ്പ് നഗരസഭാ ഭരണ സമിതിയെ ചുമതലപ്പെടുത്തിക്കൊണ്ട് നഗരകാര്യ ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവ്, സർക്കാർ ഉത്തരവ് (കൈ) നം.331/15/തസ്വഭവ. തീയതി 31.10.2015 പ്രകാരം സാധൂകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം III ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഇത്തരം സ്ഥാപനങ്ങൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്.<br>പുതുതായി രൂപീകരിച്ച 28 നഗരസഭകളിൽ മുൻകാലങ്ങളിൽ അനുവദിച്ചതു പ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിനായി ഓരോ നഗരസഭയ്ക്കും ഒരു കോടി രൂപ വീതം 2015-16 സാമ്പത്തിക വർഷത്തിൽ തന്നെ |

| | | | |
|---|---|---|---|
| | | | അനുവദിക്കണമെന്ന നഗരകാര്യ വകുപ്പു ഡയറക്ടറുടെ ശുപാർശ പരിശോധിച്ചു വരുന്നു. |
| (സി) | പ്രസ്തുത സ്ഥാപനങ്ങളിൽ നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് അധിക ജീവനക്കാരെ ആവശ്യമായി വരുമോ; എങ്കിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് നിയമിയ്ക്കും എന്നറിയിക്കുമോ; | (സി) | പുതുതായി രൂപീകരിക്കപ്പെട്ട മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനിലും നിലവിലുളള മാനദണ്ഡങ്ങൾ അനുസരിച്ച് അധിക ജീവനക്കാരെ ആവശ്യമായി വരും. അധിക ജീവനക്കാരെ നിയമിച്ചിട്ടില്ല. ആവശ്യമായ അധിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള നഗരകാര്യ വകുപ്പു ഡയറക്ടറുടെ ശുപാർശകൾ പരിശോധിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത സ്ഥാപനങ്ങളിൽ ആവശ്യമായ മുന്നൊരുക്കം നടത്തുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ഡി) | ഉണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലെ 01.11.2015 മുതലുള്ള പ്രവർത്തനം സംബന്ധിച്ച് അധികമായി വരുന്ന പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരെ ഒരു താൽക്കാലിക സംവിധാനമെന്നോണം നിലനിർത്തിക്കൊണ്ട് 31.10.2015-ലെ സ.ഉ.(കൈ)നം. 333/15/തസ്വഭവ. പ്രകാരവും (ഉത്തരവിന്റെ പകർപ്പ് അനുബന്ധം IV ആയി ചേർത്തിരിക്കുന്നു.) 17.11.2015-ലെ സ.ഉ.(സാധാ)നം. 3371/15/തസ്വഭവ. പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധം II ആയി ചേർത്തിരിക്കുന്നു.) കൂടാതെ നഗരകാര്യ ഡയറക്ടർ 29.10.2015-ൽ പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളിൽ അത്യാവശ്യ ക്രമീകരണങ്ങൾ നടത്തുന്നത് സംബന്ധിച്ച് നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളുടേയും കോർപ്പറേഷന്റെയും 01.11.2015 മുതലുള്ള പ്രവർത്തനം സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം.3371/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 17.11.2015.

=====================================================================

**പരാമർശം:-**
1) 30.04.2015-ലെ 153/2015/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്. (എസ്.ആർ.ഒ. നോട്ടിഫിക്കേഷൻ നം. 271/2015)
2) 26.05.2015-ലെ സ.ഉ. നം. 179/2015/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് (എസ്.ആർ.ഒ. നോട്ടിഫിക്കേഷൻ നം. 340/2015)
3) 30.04.2015-ലെ സ.ഉ. 148/2015/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്. (എസ്.ആർ.ഒ. നോട്ടിഫിക്കേഷൻ നം. 266/2015)
4) 30.04.2015-ലെ സ.ഉ. 150/2015/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്.
5) നഗരകാര്യ ഡയറക്ടറുടെ 27/10/15-ലെ ഇ6-20747/15 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1 മുതൽ 4 വരെയുള്ള ഉത്തരവുകൾ പ്രകാരം 01.11.2015 തീയതി മുതൽ പ്രാബല്യത്തിൽ 28 നഗരസഭകൾ രൂപീകരിച്ചുകൊണ്ടും കണ്ണൂർ നഗരസഭയെ മുനിസിപ്പൽ കോർപ്പറേഷനാക്കി ഉയർത്തിക്കൊണ്ടും സർക്കാർ ഉത്തരവായിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതു വരെ സുഗമമായ പ്രവർത്തനങ്ങൾക്കായി സർക്കാർ ഉത്തരവുണ്ടാകണമെന്ന് പരാമർശം 5 പ്രകാരം നഗരകാര്യ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനിലും തസ്തികകൾ സൃഷ്ടിക്കുന്നതുവരെ ടി സ്ഥാപനങ്ങളിലെ സുഗമമായ പ്രവർത്തനങ്ങൾക്കായി താഴെപ്പറയും പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഇതിനാൽ ഉത്തരവാകുന്നു.

a) മുനിസിപ്പാലിറ്റികളാകുന്ന, പഞ്ചായത്തുകളിലെ പഞ്ചായത്ത് സെക്രട്ടറി തസ്തിക മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറി തസ്തികയായും, കണ്ണൂർ നഗരസഭാ സെക്രട്ടറി തസ്തിക കോർപ്പറേഷൻ സെക്രട്ടറി തസ്തികയായും പുനർ നാമകരണം ചെയ്യാവുന്നതാണ്.

b) പുതിയ നഗരസഭകളിലെ ജനനമരണ രജിസ്ട്രേഷന്റെ ചുമതല, ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്നതു വരെ, ബന്ധപ്പെട്ട സെക്രട്ടറിയ്ക്കായിരിക്കും.

c) ആന്തൂർ നഗരസഭയിലെ ജനന മരണ രജിസ്ട്രേഷന്റെ ചുമതല, തളിപ്പറമ്പ് നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർക്കായിരിക്കും.

d) പൊതു ജനങ്ങൾക്ക് ദൈനംദിന ആവശ്യങ്ങൾക്ക് വേണ്ടി വരുന്ന സർട്ടിഫിക്കറ്റുകൾ നഗരസഭകളാകുന്ന പഞ്ചായത്തുകളുടെ പേര് മാറ്റി മുനിസിപ്പാലിറ്റികളുടെ പേരിൽ നൽകുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ നടപടി സ്വീകരിക്കേണ്ടതാണ്.

e) പുനർ നാമകരണം ചെയ്ത തസ്തികകൾക്ക് ആവശ്യമായ സീൽ/ഓഫീസ് സീൽ എന്നിവ നിർമ്മിക്കേണ്ടതാണ്.

f) പഞ്ചായത്തിനെ നഗരസഭയുടെ ഭാഗമാക്കുമ്പോൾ കൈമാറുന്ന ഫയലുകളുടെയും, രേഖകളെ സംബന്ധിച്ചുള്ളതും ജീവനക്കാരെ സംബന്ധിച്ചിട്ടുള്ളതുമായ വിശദമായ വിവരങ്ങൾ അതാത് സോണൽ ഓഫീസറെക്കൊണ്ട് സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട നഗരസഭയിലും സോണൽ ഓഫീസിലും സൂക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന 12.10.2015 -ലെ ത.സ്വ.ഭ.വ. എ.ബി1/147/15 കത്തിലെ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

g) നഗരസഭകളാകുന്ന പഞ്ചായത്തുകളുടെ പേരു മാറ്റി മുനിസിപ്പാലിറ്റികളുടെ പേരിൽ ബോർഡ് വയ്ക്കേണ്ടതാണ്.

3. മേൽ ഉത്തരവിന് 01.11.2015 മുതൽ പ്രാബല്യമുണ്ടാകും.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**രമേശൻ. എം. കെ.**
**ഡെപ്യൂട്ടി സെക്രട്ടറി.**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം, തൃശൂർ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും. ) നഗരകാര്യ ഡയറക്ടർ മുഖേന.
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും. )
റീജിയണൽ ജോയിന്റ് ഡയറക്ടർ, അർബൻ അഫയേഴ്സ്, തിരുവനന്തപുരം/ കൊല്ലം/ കോഴിക്കോട്/ കൊച്ചി.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

**പകർപ്പ് :** നഗരകാര്യ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
നഗരകാര്യ വകുപ്പ് സെക്രട്ടറിയുടെ പി.എ.
തദ്ദേശ സ്വയംഭരണ (ഇ.പി.എ/ആർ.സി/ഐ.ബി/ഇ.എം./എ.ബി) വകുപ്പുകൾക്ക്.

സെക്ഷൻ ഓഫീസർ

അനുബന്ധം II

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - പുതുതയി രൂപീകരിക്കപ്പെട്ട നഗരസഭകളുടെ പ്രവർത്തനം സുഗമമാക്കുന്നതിനുള്ള പൊതുവായ നടപടികൾ സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 3655/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 05.12.2015.

================================================================================

പരാമർശം:- സ.ഉ. (സാധാ) 3371/15/തസ്വഭവ തീയതി 17.11.2015.

**<u>ഉത്തരവ്</u>**

പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി താഴെപ്പറയും പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന MNREGS പദ്ധതി പ്രകാരമുള്ള വേതനം, ഹോണറേറിയം എന്നിവ 30.11.2015 വരെ അനുവദിക്കുന്നതാണ്. പുതുതായി രൂപീകരിച്ച നഗരസഭകളിൽ 01.12.2015 മുതൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി (AUGES) നടപ്പിലാക്കുന്നതിനുള്ള ശുപാർശ നഗരകാര്യ ഡയറക്ടർ സമർപ്പിക്കേണ്ടതാണ്.
2. പഞ്ചായത്തുകളിൽ തുടർന്നിരുന്നതു പോലെ അസിസ്റ്റന്റ് സെക്രട്ടറിമാർ തുടർന്നും പട്ടികജാതി വർഗ്ഗ പദ്ധതി നിർവ്വഹണത്തിനുള്ള ചുമതല വഹിക്കേണ്ടതാണ്.
3. 01.11.2015-ന് ശേഷം കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസിനു വിധേയമായി കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കേണ്ടതാണ്.
4. പഞ്ചായത്തുകളിൽ ജോലി ചെയ്തിരുന്ന ദിവസവേതനക്കാർ മുനിസിപ്പാലിറ്റികളിൽ പകരം സംവിധാനം സർക്കാർ തലത്തിൽ തീരുമാനിക്കുന്നതു വരെ തുടരാവുന്നതാണ്.

5. പുതിയ മുനിസിപ്പാലിറ്റികളിൽ ജോലി ചെയ്യുന്ന പഞ്ചായത്തു ജീവനക്കാർക്ക് മുനിസിപ്പാലിറ്റി ചട്ടങ്ങൾ സംബന്ധിച്ച് പരിശീലനം 'കില' മുഖേന നഗരകാര്യ ഡയറക്ടർ നൽകേണ്ടതാണ്.
6. കുടുംബശ്രീ മെമ്പർ സെക്രട്ടറിയായി പ്രവർത്തിക്കുന്ന പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി, മുനിസിപ്പാലിറ്റിയിൽ പകരം സംവിധാനം ഉണ്ടാകുന്നതുവരെ പ്രസ്തുത ചുമതല വഹിക്കേണ്ടതാണ്.
7. പഞ്ചായത്ത്, മുനിസിപ്പൽ ടാക്സ് നിരക്കുകൾ വ്യത്യസ്തമായതിനാൽ, ഈ സാമ്പത്തിക വർഷം നിലവിൽ ചുമത്തിയിട്ടുള്ള നികുതി പ്രകാരം തുക 31.03.2016 വരെ ഈടാക്കുന്നതാണ്. 01.11.2015 മുതൽ പുതുതായി അസ്സസ്സ്മെന്റ് നടത്തുമ്പോൾ മുനിസിപ്പൽ വസ്തു നികുതി 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും) ചട്ടങ്ങൾ പ്രകാരം നിശ്ചയിക്കുന്നതാണ്.
8. ഒരു വാഹനം മാത്രമുള്ള പുതിയ നഗരസഭകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിന് നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ/നടപടി ക്രമങ്ങൾ പാലിച്ച് പുതിയതായി ഒരു വാഹനം കൂടി ആവശ്യമെങ്കിൽ വാങ്ങാവുന്നതാണ്.
9. പുതിയ മുനിസിപ്പാലിറ്റികളിൽ വേണ്ടി വരുന്ന തസ്തികകളിലേക്ക്, നഗരകാര്യ വകുപ്പിൽ നിന്നും സ്ഥലംമാറ്റം വഴി നിയമനം നടത്താൻ, പുതുതായി തസ്തിക സൃഷ്ടിച്ച് ഉത്തരവാകുന്നതു വരെ നിലവിലുള്ള സംവിധാനം തുടരുന്നതാണ്.
10. 31.10.2015 വരെയുള്ള വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ അക്കൗണ്ടുകൾ അവസാനിപ്പിച്ച് 01.11.2015 മുതൽ മുനിസിപ്പൽ സെക്രട്ടറിയുടെ പേരിൽ അക്കൗണ്ടുകൾ തുടങ്ങി പ്രസ്തുത അക്കൗണ്ടുകളിലേക്ക് പഞ്ചായത്തിന്റെ വശമുള്ള ശേഷിക്കുന്ന ബാലൻസ് മാറ്റേണ്ടതാണ്.
11. പുതുതായി രൂപീകരിച്ച നഗരസഭകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിനും മറ്റുമായി പ്രവർത്തന ഫണ്ടായി 1 കോടി രൂപ അനുവദിക്കുന്നതിനു വേണ്ട ശുപാർശ നഗരകാര്യ ഡയറക്ടർ സമർപ്പിക്കേണ്ടതാണ്.
12. തളിപ്പറമ്പ് നഗരസഭ വിഭജിച്ച് ആന്തൂർ നഗരസഭ രൂപീകരിച്ച സാഹചര്യത്തിൽ ജനസംഖ്യാനുപാതികമായി തളിപ്പറമ്പ് നഗരസഭയ്ക്കും ആന്തൂർ നഗരസഭയ്ക്കും നിലവിലുള്ള ഫണ്ട് അനുവദിക്കുന്നതിന് ആവശ്യമായ ശുപാർശ നഗരകാര്യ ഡയറക്ടർ നൽകേണ്ടതാണ്.

13. പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിൽ പഞ്ചായത്ത് ആയിരുന്ന കാലയളവിൽ നടത്തിയിരുന്ന വിവിധ പദ്ധതികളിൽ നിർമ്മാണ പ്രവർത്തനങ്ങൾ അതേപടി തുടരുന്നതാണ്. പ്രവർത്തനം നടക്കുന്ന പ്രദേശം ഏത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭാഗമാണോ ആ സ്ഥാപനമായിരിക്കും പ്രവർത്തിയുടെ ചുമതല തുടർന്നു നിർവ്വഹിക്കേണ്ടത്.
14. പുതുതായി രൂപീകരിച്ച നഗരസഭകളിലേക്കും കോർപ്പറേഷനുകളി ലേക്കും പകരം സംവിധാനം നഗരകാര്യ വകുപ്പ് സ്വീകരിക്കുന്നതു വരെ കൂട്ടിച്ചേർക്കപ്പെട്ട പഞ്ചായത്തുകൾ സോണൽ ഓഫീസായി ഉപയോഗിക്കുന്നതാണ്. ജീവനക്കാരെ അതാതിടങ്ങളിൽ നിലനിർത്തുന്നതാണ്. സെക്രട്ടറിമാരെ ചാർജ്ജ് ഓഫീസർമാരായി നിയമിക്കുന്നതാണ്.
15. വിവിധ പഞ്ചായത്തുകൾ ചേർത്ത് രൂപീകരിച്ചിട്ടുള്ള മുനിസിപ്പാലിറ്റികളിൽ പുതിയ മുനിസിപ്പാലിറ്റിയുടെ ഹെഡ് ക്വാർട്ടേഴ്സ് ആയി പ്രവർത്തിക്കുന്ന പഴയ പഞ്ചായത്തിലെ സെക്രട്ടറി, പുതിയ മുനിസിപ്പൽ സെക്രട്ടറിയാകും.
16. പുതുതായി രൂപീകരിച്ച നഗരസഭകളുടെ ആസ്തി ബാധ്യതകൾ 31.03.2016-നു മുമ്പേ തിട്ടപ്പെടുത്തി നഗരസഭയുടെ ആസ്തി ബാധ്യത രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.
17. പുതിയ നഗരസഭകൾക്കാവശ്യമായ രസീതുകൾ, രജിസ്റ്ററുകൾ എന്നിവ പഞ്ചായത്തു വകുപ്പിന് കീഴിൽ രജിസ്റ്ററുകൾ, രസീതുകൾ എന്നിവ പ്രിന്റു ചെയ്തു നൽകിയിരുന്ന സ്ഥാപനത്തിന് ഇൻഡന്റ് നൽകി പ്രിന്റു ചെയ്യിക്കാവുന്നതാണ്.
18. പഞ്ചായത്തുകൾ ഭാഗികമായി മുനിസിപ്പാലിറ്റികളിൽ കൂട്ടിച്ചേർത്ത് സ്ഥലങ്ങളിൽ മുനിസിപ്പാലിറ്റിയിലെ സെക്രട്ടറിമാർ മുനിസിപ്പാലിറ്റികളിലേക്ക് കൂട്ടിച്ചേർത്ത കെട്ടിടങ്ങളുടെ അസസ്സ്മെന്റ് വിവരങ്ങൾ സഞ്ചയ ഡേറ്റാബേസിലേക്ക് കൂട്ടിച്ചേർക്കേണ്ടതാണ്.

2) <u>**സോഫ്റ്റ് വെയറുകളിൽ വരുത്തേണ്ട താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടി IKM നിർവ്വഹിക്കേണ്ടതാണ്.**</u>

1. **സൂചിക:-**

പുതുതായി ആരംഭിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഫയൽ നമ്പരുകൾ പുതിയ നഗരസഭയിൽ ഒന്നിൽ നിന്ന് ആരംഭിക്കുന്നതാണ്. തീർപ്പാക്കിയ ഫയലുകളെല്ലാം ക്ലോസ്സ് ചെയ്യുന്നതും, തീർപ്പാക്കാൻ ബാക്കിയുള്ള ഫയലുകൾ ആദ്യ ഫയൽ നമ്പരുകളായി രജിസ്റ്റർ ചെയ്ത് പ്രോസസ്സ് ചെയ്യുന്നതുമാണ്.

2. **സഞ്ചയ:-**

മാർച്ച് 31 വരെ നിലവിലുള്ള പഞ്ചായത്ത് നിരക്കിലുള്ള ടാക്സ് ഈടാക്കുന്നതിന് സോഫ്റ്റ് വെയർ ക്രമീകരിക്കേണ്ടതാണ്.

3. **സാംഖ്യ:-**

പൂർണ്ണമായും മുനിസിപ്പാലിറ്റികളായ പഞ്ചായത്തുകളുടെ ഒക്ടോബർ 31 വരെയുള്ള എ.എഫ്.എസ്. തയ്യാറാക്കേണ്ടതാണ്. ഏതെങ്കിലും മുനിസിപ്പാലിറ്റികളിൽ ഈ തീയതിക്ക് ശേഷം വരവോ ചിലവോ നടന്നിട്ടുണ്ടെങ്കിൽ ആയതും കൂടെ രേഖപ്പെടുത്തി അവസാനം നടന്ന ട്രാൻസാക്ഷൻ തീയതി വച്ച് എ.എഫ്.എസ് പൂർത്തിയാക്കേണ്ടതാണ്. കണക്കുകൾ ക്ലോസ് ചെയ്യുന്നതിനുള്ള സാങ്കേതിക സഹായം നൽകേണ്ടതും സാംഖ്യയിൽ വേണ്ട മാറ്റങ്ങൾ വരുത്തേണ്ടതുമാണ്.

4. **സങ്കേതം:-**

ആന്തൂർ മുനിസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന മുഴുവൻ ഫയലുകളും (നടപടി സ്വീകരിച്ചവയും അല്ലാത്തവയും) ആന്തൂർ മുനിസിപ്പാലിറ്റി യുടേതായി ഐ.കെ.എം. മാറ്റി നൽകേണ്ടതാണ്. ഈ ഫയലുകളുടെ പേരും നമ്പരും തളിപ്പറമ്പ് മുനിസിപ്പാലിറ്റി സെക്രട്ടറി ഐ.കെ.എം. ന് നൽകേണ്ടതാണ്. പഞ്ചായത്ത് മുനിസിപ്പാലിറ്റികളായി മാറിയ എല്ലാ മുനിസിപ്പാലിറ്റികളിലും സങ്കേതം സോഫ്റ്റ് വെയർ ഉപയോഗിക്കേണ്ട താണ്.

5. **സേവന:-** (സിവിൽ രജിസ്ട്രേഷൻ)

പുതിയ മുനിസിപ്പാലിറ്റികളിൽ രജിസ്ട്രേഷൻ നമ്പർ ഒന്ന് മുതൽ ആരംഭിക്കേണ്ടതാണ്. പുതിയ മുനിസിപ്പാലിറ്റികളിലെ ജനന-മരണ രജിസ്ട്രേഷന്റെ ചുമതല ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്നതു വരെ ബന്ധപ്പെട്ട സെക്രട്ടറിക്കായിരിക്കും.

3. മറ്റ് സോഫ്റ്റ് വെയറുകളിൽ പുതിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ആവശ്യമായ മാറ്റങ്ങൾ ഐ.കെ.എം. ചെയ്യേണ്ടതാണ്.

4. 01.11.2015 മുതൽ നഗരസഭയിൽ ലഭിക്കുന്ന തപാലുകൾ പുതിയ നമ്പരായി സ്വീകരിച്ച് നഗരസഭയുടെ പേരിൽ സർട്ടിഫിക്കറ്റും മറ്റു രേഖകളും തയ്യാറാക്കി നൽകാൻ ആവശ്യമായ എല്ലാ നടപടികളും ഇൻഫർമേഷൻ കേരള മിഷൻ സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം നഗരസഭകളിലെ അക്കൗണ്ടുകളെ സംബന്ധിച്ചും ശീർഷകങ്ങളെ സംബന്ധിച്ചും ആവശ്യമായ ക്രമീകരണങ്ങളും ഐ.കെ.എം. നടത്തേണ്ടതാണ്.

പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷ നുകളോട് ചേർന്ന പഞ്ചായത്തുകളുടെ അക്കൗണ്ടുകൾ സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)**
**രത്നമ്മ. വി.**
**ജോയിന്റ് സെക്രട്ടറി.**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം, തൃശൂർ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും. ) നഗരകാര്യ ഡയറക്ടർ മുഖേന.
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും. )
റീജിയണൽ ജോയിന്റ് ഡയറക്ടർ, അർബൻ അഫയേഴ്സ്, തിരുവനന്തപുരം/ കൊല്ലം/ കോഴിക്കോട്/ കൊച്ചി.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**അംഗീകാരത്തോടെ,**
**സെക്ഷൻ ഓഫീസർ**

**പകർപ്പ്** : നഗരകാര്യ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
തദ്ദേശ സ്വയംഭരണ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ
നഗരകാര്യ വകുപ്പ് സെക്രട്ടറിയുടെ പി.എ.
തദ്ദേശ സ്വയംഭരണം എല്ലാ വകുപ്പുകൾക്കും.

Section officer

**അനുബന്ധം.**

**01/11/2015 മുതൽ മുനിസിപ്പാലിറ്റികളാകുന്നതും മുനിസിപ്പൽ കോർപ്പറേഷനുകളോട് ചേരുന്നതുമായി പഞ്ചായത്തുകളുടെ അക്കൗണ്ട്സ് സംബന്ധിച്ച നിർദ്ദേശങ്ങൾ**

1. മുനിസിപ്പൽ കോർപ്പറേഷനുകളോട് കൂട്ടിച്ചേർക്കപ്പെടുന്ന പഞ്ചായത്തുകൾ 31.10.2015 വരെയുള്ള കണക്കുകൾ ക്ലോസ് ചെയ്ത് ആയതുവരെയുള്ള പഞ്ചായത്തുകളുടെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കേണ്ടതും 2015 നവംബർ 1 മുതലുള്ളവ മുനിസിപ്പൽ കോർപ്പറേഷന്റെ കണക്കുകളുമായി ചേർന്ന് പോകേണ്ടതുമാണ്. അതിലേക്കായി ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തി വേണം കണക്ക് ക്ലോസ് ചെയ്യേണ്ടത്. (തൃക്കടവൂർ, പള്ളിക്കുന്ന്, പുഴാതി, എടക്കാട്, എളയാവൂർ, ചേലോറ എന്നീ ഗ്രാമപഞ്ചായത്തുകൾ)
2. പഞ്ചായത്തുകൾ മാറ്റങ്ങളൊന്നുമില്ലാതെ മുനിസിപ്പാലിറ്റികളാകുകയാണെങ്കിലും 31.10.2015 വരെയുള്ള കണക്കുകൾ ക്ലോസ് ചെയ്ത് ധനകാര്യ പത്രിക തയ്യാറാക്കേണ്ടതും 2015 നവംബർ 1 മുതൽ പഞ്ചായത്ത് എന്ന പേര് മാറ്റി മുനിസിപ്പാലിറ്റി എന്നാക്കി പുതിയ അക്കൗണ്ട് തുടങ്ങേണ്ടതുമാണ്. (കൊട്ടാരക്കര, പന്തളം, ഏറ്റുമാനൂർ, ഈരാറ്റുപേട്ട, കട്ടപ്പന, പിറവം, കൂത്താട്ടുകുളം, പട്ടാമ്പി, താനൂർ, പരപ്പനങ്ങാടി, തിരൂരങ്ങാടി, വളാഞ്ചേരി, പയ്യോളി, രാമനാട്ടുകര, ഫറോക്ക്, കൊടുവള്ളി, മുക്കം, മാനന്തവാടി, സുൽത്താൻബത്തേരി, കീഴൂർ-ചാവശ്ശേരി, ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്തുകൾ)
3. മുണ്ടത്തിക്കോട്, വടക്കാഞ്ചേരി, കൊണ്ടോട്ടി, നെടിയിരിപ്പ്, പാനൂർ, പെരിങ്ങളം, കരിയാട് എന്നീ ഗ്രാമപഞ്ചായത്തുകൾ 31.10.2015-ൽ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കേണ്ടതാണ്. 2015 നവംബർ 1 മുതൽ വടക്കാഞ്ചേരി, കൊണ്ടോട്ടി, പാനൂർ എന്നിങ്ങനെ മുനിസിപ്പാലിറ്റി എന്ന് മാറ്റി ഡിമാന്റുകൾ കൂട്ടിച്ചേർത്ത് അക്കൗണ്ട്സ് തയ്യാറാക്കാവുന്നതാണ്.

(മുണ്ടത്തിക്കോട് + വടക്കാഞ്ചേരി , കൊണ്ടോട്ടി +നെടിയിരിപ്പ്, പാനൂർ + പെരിങ്ങളം + കരിയാട്)

4. മറ്റ് പഞ്ചായത്തുകളിൽ നിന്നും വാർഡുകൾ കൂട്ടിച്ചേർത്ത് മുനിസിപ്പാലിറ്റികലായ പഞ്ചായത്തുകൾക്ക് നിലവിലുള്ള കണക്കുകൾ തുടർന്ന് കൊണ്ടുപോകാവുന്നതാണ്. കൂട്ടിച്ചേർത്ത വാർഡുകളിലെ പുതിയ അസസ്സ്മെന്റുകൾ മാത്രം ഡിമാന്റിൽ ചേർത്താൽ മതിയാകും. 2016-17 മുതൽ കൂട്ടിച്ചേർക്കപ്പെട്ട വാർഡുകളിലെ നിലവിലുള്ള ഡിമാന്റുകൾ അക്കൗണ്ട്സിൽ ചേർത്താൽ മതിയാകുന്നതാണ്. (ഹരിപ്പാട്, ചേർപ്പുളശ്ശേരി, മണ്ണാർക്കാട് എന്നീ പഞ്ചായത്തുകൾ). വാർഡുകൾ വിട്ടുകൊടുത്ത പഞ്ചായത്തുകൾ 2015-16 സാമ്പത്തിക വർഷത്തിൽ വിട്ടുകൊടുത്ത വാർഡുകളിലെ ഡിമാന്റുകൾ 01.10.2015-നു തന്നെ ഡ്യൂ ആയിട്ടുള്ളതിനാൽ അവ കൂടി ചേർക്കേണ്ടതും കുടിശ്ശികകൾ പിരിച്ചെടുക്കേണ്ടതും 2016-17 സാമ്പത്തിക വർഷം മുതൽ അവ കുറച്ചുള്ള ഡിമാന്റ് ചേർത്താൽ മതിയാകുന്നതാണ്. (പള്ളിപ്പാട്, കാർത്തികപ്പള്ളി, ചിങ്ങോലി, തൃക്കടീരി, തെങ്കര എന്നീ പഞ്ചായത്തുകൾ.

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - തളിപ്പറമ്പ് മുൻസിപ്പാലിറ്റിയുടെ ഭരണസമിതിയെ പുതുതായി രൂപീകരിക്കപ്പെട്ട ആന്തൂർ മുൻസിപ്പാലിറ്റിയുടെ കൂടി ഭരണസമിതിയായി ചുമതലപ്പെടുത്തിയ നടപടി- സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയം ഭരണ (ഇ എം) വകുപ്പ്**

സ.ഉ. (കൈ) നം.331/2015 തസ്വഭവ — തിരുവനന്തപുരം, തീയതി, 31.10.2015

---

പരാമർശം: 1. സർക്കാർ ഉത്തരവ് (അച്ചടി) നം. 323/2015/തസ്വഭവ തീയതി 17.10.2015.

2. നഗരകാര്യ ഡയറക്ടറുടെ 29.10.2015 ലെ ഇ 6/20747/2015 നമ്പർ ഉത്തരവ് നടപടികൾ.

**<u>ഉത്തരവ്</u>**

2015 ഒക്ടോബർ 31 -ാം തീയതി കാലാവധി അവസാനിക്കുന്ന മുൻസിപ്പാലിറ്റികളിൽ 01.11.2015 തീയതി മുതൽ പുതിയ കൗൺസിലുകൾ നിലവിൽ വരുന്നതു വരെ മുൻസിപ്പൽ സെക്രട്ടറി, മുൻസിപ്പൽ എഞ്ചിനീയർ, മുൻസിപ്പാലിറ്റിയിലെ സംയോജിത ശിശുവികസന പദ്ധതിയുടെ ചുമതലയുള്ള ഓഫീസർ എന്നിവരടങ്ങുന്ന ഭരണസമിതിയെ പരാമർശം 1ലെ ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ തളിപ്പറമ്പ് മുൻസിപ്പാലിറ്റി വിഭജിച്ച് പുതുതായി രൂപീകരിക്കപ്പെട്ട ആന്തൂർ മുൻസിപ്പാലിറ്റിയുടെ ഭരണസമിതിയായി കൂടി തളിപ്പറമ്പ് നഗരസഭാ ഭരണസമിതിയെ ചുമതലപ്പെടുത്തിക്കൊണ്ട് പരാമർശം 2 പ്രകാരം നഗരകാര്യ ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവ് നടപടി സാധൂകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജെയിംസ് വർഗ്ഗീസ്**

പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം IV

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് ജീവനക്കാര്യം - ഗ്രാമപഞ്ചായത്തുകളെ നഗരസഭകളിലും മുൻസിപ്പാലിറ്റികളിലും ലയിപ്പിക്കുന്നതും മുൻസിപ്പാലിറ്റികൾ രൂപീകരിക്കുന്നതും - പഞ്ചായത്ത് ജീവനക്കാരെ നിലനിറുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

**സ.ഉ(കൈ)നം.333/ 2015/തസ്വഭവ തീയതി, തിരുവനന്തപുരം, 31.10.2015**

പരാമർശം:
1. സ.ഉ(അച്ചടി) നമ്പർ 152/2015/തസ്വഭവ തീയതി 30.04.2015
2. സ.ഉ(അച്ചടി) നമ്പർ 178/2015/തസ്വഭവ തീയതി 26.05.2015
3. സ.ഉ(അച്ചടി) നമ്പർ 146/2015/തസ്വഭവ തീയതി 30.04.2015
4. സ.ഉ(അച്ചടി) നമ്പർ 150/2015/തസ്വഭവ തീയതി 30.04.2015
5. സ.ഉ(അച്ചടി) നമ്പർ 148/2015/തസ്വഭവ തീയതി 30.04.2015
6. പഞ്ചായത്ത് ഡയറക്ടറുടെ 14/10/2015 & 28/10/2015 ലെ ഇ 8-32700/2015 നമ്പർ കത്തുകൾ.

## <u>ഉത്തരവ്</u>

പരാമർശം 1 മുതൽ 5 വരെയുള്ള ഉത്തരവുകൾ പ്രകാരം ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്ന 6 ഗ്രാമപഞ്ചായത്തുകൾ കോർപ്പറേഷനുകളുമായി കൂട്ടിച്ചേരുകയും 31 ഗ്രാമപഞ്ചായത്തുകൾ മുൻസിപ്പാലിറ്റികളായി മാറി 01/11/2015 പ്രാബല്യത്തിൽ നിലവിൽ വരുന്നതുമാണ്.

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | ജില്ല |
|---|---|---|
| **കൊല്ലം മുൻസിപ്പൽ കോർപ്പറേഷനോട് കൂട്ടിച്ചേർക്കുന്ന ഗ്രാമപഞ്ചായത്ത്** | | |
| 1 | തൃക്കടവൂർ ഗ്രാമപഞ്ചായത്ത് | കൊല്ലം |
| **കണ്ണൂർ മുൻസിപ്പൽ കോർപ്പറേഷനോട് കൂട്ടിച്ചേർക്കുന്ന ഗ്രാമപഞ്ചായത്തുകൾ** | | |
| 2 | പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് | കണ്ണൂർ |
| 3 | പുഴാതി ഗ്രാമപഞ്ചായത്ത് | കണ്ണൂർ |
| 4 | എടക്കാട് ഗ്രാമപഞ്ചായത്ത് | കണ്ണൂർ |

| | | |
|---|---|---|
| 5 | എളയാവൂർ ഗ്രാമപഞ്ചായത്ത് | കണ്ണൂർ |
| 6 | ചേലോറ ഗ്രാമപഞ്ചായത്ത് | കണ്ണൂർ |

**മുൻസിപ്പാലിറ്റികളായി മാറുന്ന ഗ്രാമപഞ്ചായത്തുകൾ**

| | | |
|---|---|---|
| 7 | കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് | കൊല്ലം |
| 8 | പന്തളം ഗ്രാമപഞ്ചായത്ത് | പത്തനംതിട്ട |
| 9 | ഹരിപ്പാട് ഗ്രാമപഞ്ചായത്ത് | ആലപ്പുഴ |
| 10 | ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് | കോട്ടയം |
| 11 | ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് | കോട്ടയം |
| 12 | കട്ടപ്പന ഗ്രാമപഞ്ചായത്ത് | ഇടുക്കി |
| 13 | പിറവം ഗ്രാമപഞ്ചായത്ത് | എറണാകുളം |
| 14 | കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത് | എറണാകുളം |
| 15 | മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് | തൃശ്ശൂർ |
| 16 | വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് | തൃശ്ശൂർ |
| 17 | പട്ടാമ്പി ഗ്രാമപഞ്ചായത്ത് | പാലക്കാട് |
| 18 | ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്ത് | പാലക്കാട് |
| 19 | മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത് | പാലക്കാട് |
| 20 | താനൂർ ഗ്രാമപഞ്ചായത്ത് | മലപ്പുറം |
| 21 | പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത് | മലപ്പുറം |
| 22 | തിരൂരങ്ങാടി ഗ്രാമപഞ്ചായത്ത് | മലപ്പുറം |
| 23 | വളാഞ്ചേരി ഗ്രാമപഞ്ചായത്ത് | മലപ്പുറം |
| 24 | കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് | മലപ്പുറം |
| 25 | നെടിയിരിപ്പ് ഗ്രാമപഞ്ചായത്ത് | മലപ്പുറം |
| 26 | പയ്യോളി ഗ്രാമപഞ്ചായത്ത് | കോഴിക്കോട് |
| 27 | രാമനാട്ടുകര ഗ്രാമപഞ്ചായത്ത് | കോഴിക്കോട് |
| 28 | ഫറോക്ക് ഗ്രാമപഞ്ചായത്ത് | കോഴിക്കോട് |
| 29 | കൊടുവള്ളി ഗ്രാമപഞ്ചായത്ത് | കോഴിക്കോട് |
| 30 | മുക്കം ഗ്രാമപഞ്ചായത്ത് | കോഴിക്കോട് |
| 31 | മാനന്തവാടി ഗ്രാമപഞ്ചായത്ത് | വയനാട് |
| 32 | സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് | വയനാട് |
| 33 | കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്ത് | കണ്ണൂർ |

| | | |
|---|---|---|
| 34 | പാനൂർ ഗ്രാമപഞ്ചായത്ത് | കണ്ണൂർ |
| 35 | പെരിങ്ങളം ഗ്രാമപഞ്ചായത്ത് | കണ്ണൂർ |
| 36 | കരിയാട് ഗ്രാമപഞ്ചായത്ത് | കണ്ണൂർ |
| 37 | ശ്രീകണ്ഠാപുരം ഗ്രാമപഞ്ചായത്ത് | കണ്ണൂർ |

ഗ്രാമപഞ്ചായത്തുകളെ നഗരസഭകളിലും മുൻസിപ്പാലിറ്റികളിലുമായി ലയിപ്പിക്കുന്നതിനെത്തുടർന്ന് അനുബന്ധമായി ചേർത്തിരിയ്ക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 759 എണ്ണം പഞ്ചായത്ത് ജീവനക്കാരെ നിലനിറുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് പഞ്ചായത്ത് ഡയറക്ടർ പരാമർശം 6 ലെ 28.10.2015 ലെ കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ അധികമായി വരുന്ന പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരെ ചുവടെ ചേർക്കുംവിധം ഒരു താൽക്കാലിക സംവിധാനമെന്നോണം നിലനിറുത്തി ഉത്തരവാകുന്നു.

1) കൊല്ലം, കണ്ണൂർ എന്നീ മുൻസിപ്പൽ കോർപ്പറേഷനുകളോട് കൂട്ടിച്ചേർക്കപ്പെടുന്ന 6 ഗ്രാമപഞ്ചായത്തുകളെ ബന്ധപ്പെട്ട കോർപ്പറേഷന്റെ സോണൽ ഓഫീസുകളായി നിലനിറുത്തുകയും പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ താല്ക്കാലിക സംവിധാനം എന്ന നിലയിൽ അവർ നിലവിൽ സേവനമനുഷ്ഠിയ്ക്കുന്ന ഗ്രാമപഞ്ചായത്ത് കാര്യാലയം നഗരസഭാ സോണൽ ഓഫീസായി പരിവർത്തനം ചെയ്യുമ്പോൾ പ്രസ്തുത സോണൽ ഓഫീസിന്റെ അധിക പൂർണ്ണ അധികചുമതല അതത് പഞ്ചായത്ത് സെക്രട്ടറിമാർക്ക് നല്കുന്നു. പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട് തുടങ്ങി താഴോട്ടുള്ള മുഴുവൻ ഉദ്യോഗസ്ഥരും നഗരകാര്യവകുപ്പിൽ നിന്നും പകരം സംവിധാനം ഏർപ്പെടുത്തുന്നതു വരെ അതത് സോണൽ ഓഫീസുകളിൽ തന്നെ തല്ക്കാലം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തുടരാവുന്നതാണ്.

2) 27 മുൻസിപ്പാലിറ്റികളായി മാറുന്ന 31 ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ അതത് മുൻസിപ്പാലിറ്റികളിലെ മുൻസിപ്പൽ സെക്രട്ടറിമാരുടെ

പൂർണ്ണ അധികച്ചുമതല നല്കുന്നു. പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറി/ ജൂനിയർ സൂപ്രണ്ട് തുടങ്ങി താഴോട്ടുള്ള മുഴുവൻ ഉദ്യാഗസ്ഥരെയും നഗരകാര്യവകുപ്പിൽ നിന്നും പകരം സംവിധാനം ഏർപ്പെടുത്തുന്നത് വരെ അതത് മുൻസിപ്പാലിറ്റികളിൽ തന്നെ തല്കാലം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നില നിറുത്തുന്നു.

3) പ്രസ്തുത ജീവനക്കാരുടെ ശമ്പളം പഞ്ചായത്ത് വകുപ്പിന്റെ ശീർഷകത്തിൽ നിന്നും തല്കാലത്തേക്ക് വകയിരുത്തേണ്ടതും പിന്നീട് ടി തുക പുതുതായി രൂപീകരിക്കുന്ന മുൻസിപ്പാലിറ്റികളിൽ നിന്നും പുതുതായി കൂട്ടിച്ചേർക്കപ്പെട്ട മുൻസിപ്പൽ കോർപ്പറേഷനുകളിൽ നിന്നും തിരിച്ച് പിടിക്കുന്നതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ജെയിംസ് വർഗ്ഗീസ്
ഗവ.പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ ഓഡിറ്റ്, കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ.ബി. എ &എ), തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ആഫീസ് പകർപ്പ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

അനുബന്ധം

| SL NO | NAME OF PANCHAYAT | NAME OF MUNICIPALITY | SECRETARY | ASST SECRETARY | JUNIOR SUPDT | HEAD CLERK | ACCOUNTANT | SENIOR CLERK | CLERK | LIBRARIAN | HEALTH INSPECTOR | DRIVER | OFFICE ATTENDENT | JBC | FTS | PTS | REMARKS |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | KOTTARAKKARA | KOTTARAKKARA | 1 | 1 | 1 | 0 | 1 | 6 | 6 | 0 | 0 | 1 | 2 | 0 | 6 | 0 | |
| 2 | THRIKKADAVOOR | KOLLAM CORPORATION | 1 | 1 | 1 | 0 | 1 | 4 | 4 | 1 | 0 | 0 | 2 | 0 | 2 | 2 | |
| 3 | PANDALAM | PANDALAM | 1 | 1 | 1 | 0 | 1 | 4 | 5 | 0 | 0 | 1 | 3 | 0 | 1 | 3 | |
| 4 | HARIPPAD | HARIPPAD | 1 | 0 | 1 | 0 | 1 | 4 | 4 | 0 | 0 | 0 | 2 | 0 | 3 | 1 | |
| 5 | ETTUMANOOR | ETTUMANOOR | 1 | 1 | 1 | 0 | 1 | 4 | 5 | 0 | 0 | 0 | 2 | 0 | 4 | 1 | |
| 6 | ERATTUPETTA | ERATTUPETTA | 1 | 1 | 1 | 0 | 1 | 5 | 5 | 0 | 0 | 1 | 2 | 0 | 8 | 0 | |
| 7 | KOOTHATTUKULAM | KOOTHATTUKULAM | 1 | 1 | 1 | 0 | 1 | 4 | 5 | 1 | 0 | 0 | 2 | 0 | 3 | 1 | |
| 8 | PIRAVOM | PIRAVOM | 1 | 1 | 1 | 0 | 1 | 3 | 4 | 0 | 1 | 1 | 2 | 0 | 5 | 0 | |
| 9 | KATTAPPANA | KATTAPPANA | 1 | 1 | 1 | 0 | 1 | 4 | 5 | 0 | 0 | 1 | 2 | 0 | 6 | 1 | |
| 10 | VADAKKANCHERY | VADAKKANCHERY | 1 | 1 | 1 | 0 | 1 | 4 | 5 | 0 | 0 | 0 | 2 | 0 | 3 | 1 | |
| 11 | MUNDATHIKKODE | VADAKKANCHERY | 1 | 1 | 0 | 1 | 1 | 3 | 4 | 0 | 0 | 0 | 1 | 0 | 0 | 1 | |
| 12 | MANNARKKADU | MANNARKKADU | 1 | 1 | 1 | 0 | 1 | 3 | 4 | 0 | 1 | 1 | 2 | 0 | 6 | 0 | |
| 13 | CHERPULASSERY | CHERPULASSERY | 1 | 1 | 1 | 0 | 1 | 4 | 4 | 0 | 0 | 0 | 1 | 0 | 1 | 1 | |
| 14 | PATTAMBY | PATTAMBY | 1 | 1 | 1 | 0 | 1 | 5 | 5 | 1 | 1 | 1 | 2 | 0 | 8 | 1 | |
| 15 | PARAPPANANGADY | PARAPPANANGADY | 1 | 1 | 1 | 0 | 1 | 5 | 6 | 1 | 1 | 0 | 2 | 0 | 7 | 0 | |
| 16 | THIRURANGADY | THIRURANGADY | 1 | 1 | 1 | 0 | 1 | 4 | 5 | 0 | 1 | 0 | 2 | 0 | 4 | 2 | |
| 17 | TANOOR | TANOOR | 1 | 1 | 1 | 0 | 1 | 4 | 5 | 0 | 0 | 0 | 2 | 0 | 4 | 2 | |

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 18 | VALANCHERY | VALANCHERY | 1 | 1 | 1 | 0 | 1 | 5 | 5 | 0 | 1 | 1 | 2 | 0 | 5 | 3 | |
| 19 | KONDOTTY | KONDOTTY | 1 | 1 | 0 | 1 | 1 | 3 | 4 | 0 | 0 | 0 | 2 | 0 | 0 | 1 | |
| 20 | NEDIYIRUPPU | KONDOTTY | 1 | 1 | 0 | 1 | 1 | 3 | 3 | 0 | 0 | 0 | 1 | 0 | 0 | 1 | |
| 21 | MUKKOM | MUKKOM | 1 | 1 | 1 | 0 | 1 | 4 | 4 | 0 | 0 | 0 | 2 | 0 | 0 | 3 | |
| 22 | FEROKE | FEROKE | 1 | 1 | 1 | 0 | 1 | 5 | 7 | 0 | 1 | 0 | 2 | 0 | 6 | 0 | |
| 23 | RAMANATTUKARA | RAMANATTUKARA | 1 | 1 | 1 | 0 | 1 | 4 | 5 | 0 | 1 | 1 | 2 | 0 | 6 | 2 | |
| 24 | KODUVALLY | KODUVALLY | 1 | 1 | 1 | 0 | 1 | 3 | 5 | 0 | 0 | 0 | 2 | 0 | 3 | 1 | |
| 25 | PAYYOLI | PAYYOLI | 1 | 1 | 1 | 0 | 1 | 4 | 5 | 0 | 1 | 0 | 2 | 0 | 4 | 1 | |
| 26 | MANATHAVADY | MANATHAVADY | 1 | 1 | 1 | 0 | 1 | 5 | 6 | 0 | 1 | 2 | 3 | 0 | 11 | 5 | |
| 27 | SULTHAN BATHERY | SULTHAN BATHERY | 1 | 1 | 1 | 0 | 1 | 6 | 7 | 0 | 1 | 2 | 2 | 0 | 10 | 3 | |
| 28 | PALLIKKUNNU | KANNUR CORPORATION | 1 | 1 | 1 | 0 | 1 | 4 | 4 | 0 | 0 | 0 | 2 | 0 | 0 | 2 | |
| 29 | PUZHATHY | KANNUR CORPORATION | 1 | 1 | 1 | 0 | 1 | 4 | 5 | 0 | 0 | 0 | 2 | 0 | 2 | 5 | |
| 30 | ELAYAVOOR | KANNUR CORPORATION | 1 | 1 | 1 | 0 | 1 | 4 | 4 | 0 | 0 | 0 | 1 | 0 | 1 | 5 | |
| 31 | EDAKKADU | KANNUR CORPORATION | 1 | 1 | 0 | 1 | 1 | 3 | 4 | 0 | 0 | 0 | 1 | 0 | 0 | 4 | |
| 32 | CHELORA | KANNUR CORPORATION | 1 | 1 | 0 | 1 | 1 | 3 | 3 | 0 | 0 | 0 | 1 | 0 | 0 | 6 | |
| 33 | SREEKANTAPURAM | SREEKANTAPURAM | 1 | 1 | 1 | 0 | 1 | 3 | 4 | 0 | 0 | 0 | 1 | 0 | 0 | 1 | |
| 34 | KEEZHUR CHAVASSERY | IRITTY | 1 | 1 | 1 | 0 | 1 | 4 | 5 | 0 | 1 | 1 | 2 | 0 | 5 | 8 | |
| 35 | PANOOR | PANOOR | 1 | 1 | 0 | 1 | 1 | 3 | 3 | 1 | 0 | 0 | 1 | 0 | 0 | 4 | |
| 36 | KARIYADU | PANOOR | 1 | 1 | 0 | 1 | 1 | 3 | 3 | 0 | 0 | 0 | 1 | 0 | 0 | 1 | |
| 37 | PERINGALAM | PANOOR | 1 | 1 | 0 | 1 | 1 | 3 | 3 | 0 | 0 | 0 | 1 | 0 | 0 | 3 | |
| | TOTAL | | 37 | 36 | 29 | 8 | 37 | 146 | 170 | 5 | 12 | 14 | 66 | 0 | 123 | 76 | |